# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6172** 　　　　**08.07.2014-ലെ മറുപടിക്ക്**

### സമഗ്ര ഭാഷാ നിയമം

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമഗ്ര ഭാഷാ നിയമം പാസ്സാക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗികഭാഷാ ഉന്നതതല സമിതിയുടെ 02/09/2013-ലെ യോഗത്തിൽ സമഗ്രമായ ഒരു ഭാഷാ നിയമം ഉണ്ടാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർ നടപടികൾക്കായി ഔദ്യോഗിക ഭാഷാ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആദ്യപടിയായി ഇത് സംബന്ധിച്ച പ്രാഥമിക രൂപരേഖ തയാറാക്കുകയുണ്ടായി. പ്രസ്തുത പ്രാഥമിക രൂപരേഖയുടെയും നിയമസഭാ സമിതിയുടെ ഭാഷാനിയമം സംബന്ധിച്ച റിപ്പോർട്ടിന്റെയും പകർപ്പുകൾ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാംസ്കാരികം, നിയമം, പൊതുഭരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ മാത്രമാണ് ഇക്കാര്യത്തിലുള്ള |
| (ബി) | ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളത്. 01/07/2014-ാം തീയതിയിലെ മന്ത്രിസഭായോഗതീരുമാനപ്രകാരം ഇതു സംബന്ധിച്ച ഫയൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്. |
| (സി) | മലയാളഭാഷയുടെ ഉപയോഗവും സാധ്യത കളും ഉറപ്പാക്കാൻ സമഗ്ര ഭാഷാ നിയമം നടപ്പിലാ ക്കാൻ നടപടി സ്വീകരി ക്കുമോ? | (സി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ